# ആൽഫാ ITI

ESTD 1989

KSRTC ബസ്സ്റ്റാന്റിന് തെക്കുവശം, ലാലാജി ജംഗ്ഷൻ, കരുനാഗപ്പള്ളി

**Ph : 9388324151, 9995056432,** Web : www.alphaiti.org, E-mail : alphadileep@gmail.com

**(കേന്ദ്ര/സംസ്ഥാന ഗവൺമെന്റ് അംഗീകൃതം NCVT/ KGCE/KGTE/ATEPS)**

(Reg. No. : 09-08-06853 PMT 1989)

(Promoted by : Alpha Technical Education Promotion Society (ATEPS) Reg. No. Q. 112/11)

(VTP Training Centre for MES NCVT)




## GOVERNMENT REGULAR COURSES : (NCVT / KGCE/ KGTE)

*Courses for Girls*

- **COPA** (Computer Operator & Programming Assistant (1 Year NCVT)
- **Fashion Desigining & Garment Technology** (2 Year KGTE)
- **Civil Engineering** (2 year KGCE)


*Courses for Boys*

- **Automobile Engineering** (2 year KGCE)
- **Electrical Engineering** (2 year KGCE)
- **Refrigeration & A/c Engineering** (2 year KGCE)
- **Electronics & TV Engineering** (2 year KGCE)


**SC/ST/BPL വിഭാഗത്തിന് സീറ്റ് സംവരണവും ഫീസ് ഇളവും (KSRTC/ Private Bus / Train Concession ലഭ്യമാണ്.)**

# ആൽഫാ ITI


KSRTC ബസ്സ്റ്റാന്റിന് തെക്കുവശം
ലാലാജി ജംഗ്ഷൻ, കരുനാഗപ്പള്ളി
Ph : 9388324151, 9995056432
Web : www.alphaiti.org
E-mail : alphadileep@gmail.com











## ആമുഖം

1989–ൽ പ്രവർത്തനം ആരംഭിച്ച ആൽഫാ ITI–ൽ കേന്ദ്ര-സംസ്ഥാന ഗവൺമെന്റും PSCയും അംഗീകരിച്ച ഐ. റ്റി. ഐ.-NCVT (National Council for Vocational Training)കോഴ്സുകളും. കേരള ഗവൺമെന്റ് സാങ്കേതിക വിദ്യാഭ്യാസ ഡയറക്ട്രേറ്റ് (Directorate of Technical Education) നടത്തുന്ന KGCE (Kerala Government Certificate Examination in Engineering) കോഴ്സുകളും KGTE (Kerala Government Technical Education) Govt. Industrial School നടത്തുന്ന ഗവണ്മെന്റ് ഫാഷൻ ഡിസൈനിംഗ് കോഴ്സുകളും കൂടാതെ സ്വകാര്യമേഖലയിൽ തൊഴിൽ നേടുന്നതിന് ATEPS (Alpha Technical Education Promotion Society) സൊസൈറ്റി നടത്തുന്ന ഹ്രസ്വകാല കോഴ്സുകളും നടത്തുന്നു.

തൊഴിലധിഷ്ഠിത വിദ്യാഭ്യാസരംഗത്ത് വളരെയധികം പ്രശസ്തി നേടുന്നതിനും വിദഗ്ദ്ധ തൊഴിൽ പരിശീലകരെ വാർത്തെടുക്കുന്നതിലും ഈ സ്ഥാപനത്തിന് കഴിഞ്ഞിട്ടുണ്ട് എന്നതിൽ ഞങ്ങൾ കൃതാർത്ഥരാണ്. വ്യക്തിത്വവികസനവും അച്ചടക്കവും ഉയർന്ന പഠന നിലവാരവും മുൻനിറുത്തിയാണ് ആൽഫായിൽ തൊഴിൽ പരിശീലിപ്പിക്കുന്നത്. വിദഗ്ദ്ധ അദ്ധ്യാപകരാൽ തിയറി ക്ലാസ്സുകളും ആധുനിക ഉപകരണങ്ങളുടെ സഹായത്തോടെയുള്ള പ്രാക്ടിക്കൽ ക്ലാസ്സുകളും ആൽഫായുടെ പ്രത്യേകതകളാണ്. മികച്ച പ്രാക്ടിക്കൽ സൗകര്യമുള്ള കരുനാഗപ്പള്ളിയിലെ ഏക തൊഴിലധിഷ്ഠിത വിദ്യാഭ്യാസ സ്ഥാപനമാണ് ആൽഫാ ഐ. റ്റി. ഐ. ആൺകുട്ടികൾക്കും പെൺകുട്ടികൾക്കും പ്രത്യേകം ബ്ലോക്കുകളും വ്യത്യസ്ത സമയക്രമീകരണങ്ങളും ഉള്ളതിനാൽ വിദ്യാർത്ഥികളിൽ സുരക്ഷിതത്വം ഉറപ്പുവരുത്തുന്നു.

ഹ്രസ്വകാല കോഴ്സുകൾക്ക് പ്രത്യേകം സമയവും, പ്രാക്ടിക്കൽ മാത്രം നൽകി പരിശീലിപ്പിക്കുന്നതിനാലും ഏറ്റവും കുറഞ്ഞ കാലയളവിൽ കോഴ്സ് പഠിച്ച് സർട്ടിഫിക്കറ്റ് നേടാവുന്നതാണ്. സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സ്വദേശത്തും വിദേശത്തുമുള്ള സ്വകാര്യ സ്ഥാപനങ്ങളിൽ ജോലി നേടുന്നതിനും ഇത് ഉപകരിക്കുന്നു. ഈ കോഴ്സുകളിൽ തിയറി, പ്രാക്ടിക്കൽ റെക്കോഡ് എന്നിവ പ്രിന്റഡ് ബുക്കായി നൽകുന്നതിനാൽ തിയറി ക്ലാസ്സുകളുടെ സമയം കൂടി പ്രാക്ടിക്കൽ പരിശിലീനത്തിന് ഉപയോഗപ്പെടുത്തുന്നു.

വിജയകരമായി പരിശീലനം പൂർത്തിയാക്കിയ ഞങ്ങളുടെ പൂർവ്വ വിദ്യാർത്ഥികൾ വിവിധ സർക്കാർ അർദ്ധ സർക്കാർ സ്വകാര്യ സ്ഥാപനങ്ങളിലും വിദേശങ്ങളിലും തൊഴിൽ നേടുകയും സ്വന്തമായി സ്ഥാപനങ്ങൾ നടത്തുകയും ചെയ്യുന്നു. ഇതു തന്നെയാണ് ആൽഫായുടെ വിജയത്തിനും ഉയർച്ചയ്ക്കും കാരണമായത്.



# ഗവൺമെന്റ് റഗുലർ കോഴ്സുകൾ

## 1 COPA (Computer Operator & Programming Assistant)
**National Council for Vocational Training (NCVT)**

**PSC അംഗീകരിച്ച ഗവൺമെന്റ് സർട്ടിഫിക്കറ്റ്**

**തൊഴിൽ സാധ്യതകൾ**

1. കംപ്യൂട്ടർ ഓപ്പറേറ്റർ (ഗവ: ഡിപ്പാർട്ട്മെന്റ്) 2. ട്രേഡ്സ്മാൻ (പോളിടെക്നിക്)
3. ജൂനിയർ ഇൻസ്ട്രക്ടർ (ഐ. റ്റി. ഐ.) 4. ഡേറ്റാ എൻട്രി ഓപ്പറേറ്റർ (ഗവ: ഡിപ്പാർട്ട്മെന്റ്)
5. ബില്ലിംഗ് (പ്രൈവറ്റ് മേഖല) 6. ഗൾഫ് അറ്റസ്റ്റേഷനും സ്വയം തൊഴിൽ ചെയ്യുന്നതിനും

| കാലാവധി | യോഗ്യത | പ്രവേശനം |
|---|---|---|
| 1Years | SSLC Pass (+2/VHSE, Degree, Diploma കഴിഞ്ഞവർക്ക് മുൻഗണന) | പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പ്രത്യേക ബാച്ച് |



PSC, UPSC ബാങ്കിംഗ് റിക്രൂട്ട്മെന്റ്, റെയിൽവെ റിക്രൂട്ട്മെന്റ്, പോസ്റ്റൽ റിക്രൂട്ട്മെന്റ്, സ്റ്റാഫ് സെലക്ഷൻ കമ്മീഷൻ, കേന്ദ്ര സംസ്ഥാന മേഖലയിലുള്ള സ്കൂളുകൾ, വ്യവസായ സ്ഥാപനങ്ങൾ, വിദേശരാജ്യങ്ങളിലുള്ള സ്കൂളുകൾ, വ്യവസായസ്ഥാപനങ്ങൾ എന്നിവ അംഗീകരിച്ച ഗവൺമെന്റ് ഓഫ് ഇന്ത്യ തൊഴിൽ മന്ത്രാലയത്തിന്റെ നാഷണൽ കൗൺസിൽ ഫോർ വൊക്കേഷണൽ ട്രെയിനിംഗ് (NCVT) നടത്തുന്ന ഒരു വർഷം ദൈർഘ്യമുള്ള കോഴ്സാണ് COPA.

PSC നിയമനം വരുന്ന സെക്രട്ടേറിയൽ അസിസ്റ്റന്റ്, ജൂനിയർ ഇൻസ്ട്രക്ടർ, കംപ്യൂട്ടർ ഓപ്പറേറ്റർ, +2, VHSE, Poly Technic, Engineering College എന്നീ വിദ്യാഭ്യാസ സ്ഥാപനങ്ങളിൽ കംപ്യൂട്ടർലാബ് അസിസ്റ്റന്റ്, കംപ്യൂട്ടർ ഇൻസ്ട്രക്ടർ തസ്തികകളിലേക്കും COPA പാസ്സായവരെ പരിഗണിക്കുന്നതാണ്. കോഴ്സ് പാസ്സായി ഇറങ്ങിയവർക്ക് IRE, KMML, ISRO, Housing Board, Electricity Board, Banking മേഖല, KSFE തുടങ്ങിയ ഗവൺമെന്റ് സ്ഥാപനങ്ങളിൽ സ്റ്റൈഫന്റോടുകൂടി ഒരു വർഷത്തെ ട്രെയിനിംഗ് RI Centre, Employment വഴി ലഭിക്കുന്നു. തുടർന്ന് അപ്രന്റീസ്ഷിപ്പ് ടെസ്റ്റിന് യോഗ്യത നേടി സർട്ടിഫിക്കറ്റ് നേടാവുന്നതാണ്. കൂടാതെ വിദേശത്തും സ്വദേശത്തും അനേകം തൊഴിലവസരങ്ങൾ ഈ കോഴ്സിന്റെ പ്രത്യേകതകളാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർചെയ്ത് ട്രെയിനിംഗിന് അർഹത നേടാം.

## 2 FASHION DESIGNING AND GARMENT TECHNOLOGY
**Kerala Government Technical Education**

**PSC അംഗീകരിച്ച ഗവൺമെന്റ് സർട്ടിഫിക്കറ്റ്**

**തൊഴിൽ സാധ്യതകൾ**

1. ഫാഷൻ ഡിസൈനർ 2. TGMT ഇൻസ്ട്രക്ടർ 3. ITI ഇൻസ്ട്രക്ടർ 4. സ്കൂൾ ടീച്ചർ (KTET4)
5. പോളിടെക്നിക് അസിസ്റ്റന്റ് 6. വർക്ക് എക്സ്പീരിയൻസ് ടീച്ചർ
7 ഗൾഫ് അറ്റസ്റ്റേഷനും സ്വയം തൊഴിൽ ചെയ്യുന്നതിനും

| കാലാവധി | യോഗ്യത | പ്രവേശനം |
|---|---|---|
| 2 Years | SSLC Pass (+2/VHSE, Degree, Diploma കഴിഞ്ഞവർക്ക് മുൻഗണന) | പെൺകുട്ടികൾക്ക് മാത്രം |



KGTE കോഴ്സായ ഫാഷൻ ഡിസൈനിംഗ് & ഗാർമെന്റ് ടെക്നോളജി (FDGT) വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഗവണ്മെന്റ് സ്കൂളുകളിൽ സ്പെഷ്യൽ ടീച്ചർ തസ്തികയിൽ 30,000/- രൂപയിലധികം ശമ്പളത്തോടുകൂടി ജോലി ലഭിക്കാവുന്നതും ഗവണ്മെന്റ് പോളിടെക്നിക്ക്, ഗവണ്മെന്റ് ഐ. റ്റി. ഐ., ഇൻഡസ്ട്രിയൽ സ്കൂൾ, സോഷ്യൽ വെൽഫെയർ ഡിപ്പാർട്ട്മെന്റ് എന്നീ പൊതുമേഖലാ സ്ഥാപനങ്ങളിൽ പി. എസ്. സി. വഴിയും തൊഴിലവസരമുണ്ട്. കൂടാതെ KTETA എഴുതിയും ഗവണ്മെന്റ് സ്കൂളുകളിൽ ജോലിനേടാം. ഫാഷൻ ഡിസൈനർ, കംപ്യൂട്ടർ എയ്ഡഡ് ഫാഷൻ ഡിസൈനർ, ടെക്സ്റ്റൈൽ സൂപ്പർവൈസർ, ക്വാളിറ്റി ചെക്കർ, പാറ്റേൺമേക്കർ, ഗാർമെന്റ്സ് മേക്കർ തുടങ്ങിയ തസ്തികകളിലേക്ക് നിയമനം ലഭിക്കുന്നു. റെഡിമെയ്ഡ് ഗാർമെന്റ് യൂണിറ്റ്, ഡ്രസ്സ് ഡിസൈനിംഗ് യൂണിറ്റുകൾ, എംബ്രോയിഡറി വർക്ക് യൂണിറ്റുകൾ എന്നിവ തുടങ്ങുന്നതിന് ഈ കോഴ്സ് വളരെ സഹായകരമാണ്. ഇൻഡസ്ട്രിയൽ മെഷീനുകളിലും മോഡേൺ മെഷീനുകളിലും പരിശീലനം നൽകുന്നതിനാൽ ഓരോ വിദ്യാർത്ഥിനിയും കഴിവുള്ളവരാകുന്നു. ബേസിക് ഡിസൈനിംഗ്, ഗാർമെന്റ്സ് മേക്കിംഗ്, ഫാഷൻ ഇലസ്ട്രേഷൻ, ഹാന്റ് എംബ്രോയിഡറി, ഇലക്ട്രിക് എംബ്രോയിഡറി, ടെക്സ്റ്റൈൽ സയൻസ്, കംപ്യൂട്ടർ എയ്ഡഡ് ഡിസൈനിംഗ്, പാറ്റേൺമേക്കിംഗ്, മാർക്കറ്റിംഗ്, സ്പോക്കൺ ഇംഗ്ലീഷ്, തുടങ്ങിയ പഠനവിഷയങ്ങൾ അനായാസം ഈ കോഴ്സിലൂടെ പരിശീലിക്കാവുന്നതാണ്. സ്വദേശത്തും വിദേശത്തും അനേകം തൊഴിലവസരങ്ങൾ ഈ കോഴ്സിന്റെ പ്രാധാന്യം നിലനിർത്തുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർചെയ്ത് ട്രെയിനിംഗിന് അർഹത നേടാം.


## 3 CIVIL ENGINEERING
## (Kerala Government Certificate Examination in Engineering

**PSC അംഗീകരിച്ച ഗവൺമെന്റ് സർട്ടിഫിക്കറ്റ്**

**തൊഴിൽ സാധ്യതകൾ**

**1. ഓവർസീയർ (ഇറിഗേഷൻ, പഞ്ചായത്ത്, സിവിൽ ഡിപ്പാർട്ട്മെന്റ്) 2. ട്രേഡ്മാൻ (പോളിടെക്നിക്) 3. ജൂനിയർ ഇൻസ്ട്രക്ടർ (ഐ. റ്റി. ഐ.) 4. സർവ്വേയർ 5. ഗൾഫ് അറ്റസ്റ്റേഷനും സ്വയം തൊഴിൽ ചെയ്യുന്നതിനും**

| കാലാവധി | യോഗ്യത | പ്രവേശനം |
|---|---|---|
| 2 Years | SSLC Pass | പെൺകുട്ടികൾക്കും ആൺകുട്ടികൾക്കും പ്രത്യേക ബാച്ച് |



കേരളാ ഗവൺമെന്റ് ടെക്നിക്കൽ എഡ്യൂക്കേഷൻ നടത്തുന്ന സിവിൽ എഞ്ചിനീയറിംഗ് കോഴ്സുകൾ, ബിൽഡിംഗ് മെറ്റീരിയൽ, ബിൽഡിംഗ് കൺസ്ട്രക്ഷൻ, എർത്ത് & എസ്റ്റിമേഷൻ, സർവ്വേ & ലവലിംഗ്, ചെയിൻ സർവ്വേ, കോമ്പസ് സർവ്വേ, പ്ലെയിൻ സർവ്വേ, തിയോഡ ലൈറ്റ് സർവ്വേ, ഇറിഗേഷൻ ഹൈവേ & പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ്, സിവിൽ എഞ്ചിനീയറിംഗ്, ഡ്രോയിംഗ്, ബിൽഡിംഗ് പ്ലാൻ, എന്നിവയിൽ പുതിയതരം ഉപകരണങ്ങളിൽ പരിശീലനം നൽകുന്നതിനാൽ പി. എസ്. സി. നിയമനം വഴി ഓവർസിയർ, ട്രേഡ്സ്മാൻ, ജൂനിയർ ഇൻസ്ട്രക്ടർ, ആർകിടെക്ചറൽ ഡിസൈനറായും റെയിൽവെ, പി. ഡബ്ലിയു. ഡി, വാട്ടർ അതോറിറ്റി, ഹൗസിംഗ് ബോർഡ് തുടങ്ങിയ സർക്കാർ മേഖലയിലും വിവിധ അർദ്ധസർക്കാർ സ്ഥാപനങ്ങളിലും സ്വദേശത്തും വിദേശത്തുമുള്ള സ്വകാര്യമേഖലാ സ്ഥാപനങ്ങളിലും തൊഴിൽ ലഭിക്കുന്നു. സ്വന്തമായി പ്ലാൻ ഡ്രാഫ്റ്റിംഗ് ആന്റ് എസ്റ്റിമേഷൻ, ലാന്റ് സർവ്വേ സ്ഥാപനം തുടങ്ങുന്നതിനും ഈ കോഴ്സ് ഉപകരിക്കുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർചെയ്ത് ട്രെയിനിംഗിന് അർഹത നേടാം.

## 4 AUTOMOBILE ENGINEERING
## (Kerala Government Certificate Examination in Engineering

**PSC അംഗീകരിച്ച ഗവൺമെന്റ് സർട്ടിഫിക്കറ്റ്**

**തൊഴിൽ സാധ്യതകൾ**

**1. വർക്ക്ഷോപ്പ് ടെക്നീഷ്യൻ 2. വർക്ക് ഷോപ്പ് അസിസ്റ്റന്റ് (കെ. എസ്. ആർ. ടി. സി.) 3. ആട്ടോമൊബൈൽ സൂപ്പർവൈസർ (കെ. എസ്. ആർ. ടി. സി.) 4. ടെക്നീഷ്യൻ (ഗവ. പ്രസ്സ്), 5. ടെക്നീഷ്യൻ (ഡിഫൻസ്) 6. ഗൾഫ് അറ്റസ്റ്റേഷനും സ്വയം തൊഴിൽ ചെയ്യുന്നതിനും**

| കാലാവധി | യോഗ്യത | പ്രവേശനം |
|---|---|---|
| 2 Years | SSLC Pass | ആൺകുട്ടികൾക്ക് മാത്രം |



കേരളാ ഗവൺമെന്റ് ടെക്നിക്കൽ എഡ്യൂക്കേഷൻ നടത്തുന്ന കോഴ്സാണ് ആട്ടോമൊബൈൽ എഞ്ചിനീയറിംഗ്. ആട്ടോമൊബൈൽ രംഗത്ത് ഒഴിവുള്ളതിന് ആനുപാതികമായി അതിലേക്കാവശ്യമായ വിദഗ്ദ്ധരെ സൃഷ്ടിക്കുവാൻ കഴിയാതെ പോയി. അത് മുൻനിർത്തി പെട്രോൾ എഞ്ചിൻ, ഡീസൽ എഞ്ചിൻ മുതലായവയുടെ നിർമ്മാണവും റിപ്പയറിംഗും പരിശീലിപ്പിക്കുവാൻ വിദഗ്ദ്ധ അദ്ധ്യാപകരുടെ സഹായം നൽകുന്നതിനോടൊപ്പം ലൈറ്റ് & ഹെവി വാഹനങ്ങളുടെ ചെയ്സിസ് & ട്രാൻസിമേഷൻ സിസ്റ്റം, സർവോകൺട്രോൾ സിസ്റ്റം തുടങ്ങിയവയിൽ പ്രാക്ടിക്കൽ നൽകുന്നു. ടൂ വീലർ, ത്രീ വീലർ, ഫോർ വീലർ വാഹനങ്ങളുടെ ആട്ടോ ഇലക്ട്രിക്കൽ വയറിംഗിനോടൊപ്പം ബാറ്ററി നിർമ്മാണം, ആർമേച്ചർ, ഡൈനാമോ, ആൾട്ടർനേറ്റർ, സ്റ്റാർട്ടർ മോട്ടർ എന്നിവയുടെ അസംബ്ലിംഗും റിപ്പയറിംഗും വൈന്റിംഗും, ആട്ടോ ഡിമ്മർ, ആട്ടോ വൈപ്പർ, പവർഗ്ലാസ്, കാർ എ. സി., റിമോട്ട് ലോക്ക് തുടങ്ങിയവയിലും പരിശീലനം നൽകുന്നു. ഈ കോഴ്സ് പാസ്സാകുന്നവർക്ക് കെ. എസ്. ആർ. ടി. സി. യിലും സ്വദേശത്തും വിദേശത്തുമുള്ള ആതറൈസ്ഡ് സർവ്വീസ് സെന്ററുകളിലും ആട്ടോമൊബൈൽ ഇൻഡസ്ട്രികളിലും ജോലി നോടുന്നതിനോടൊപ്പം സ്വയംതൊഴിൽ കണ്ടെത്തുവാനും സാധിക്കുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർചെയ്ത് ട്രെയിനിംഗിന് അർഹത നേടാം.

## 5 ELECTRICAL ENGINEERING
## (Kerala Government Certificate Examination in Engineering

**PSC അംഗീകരിച്ച ഗവൺമെന്റ് സർട്ടിഫിക്കറ്റ്**

**തൊഴിൽ സാധ്യതകൾ**

1. മീറ്റർ റീഡർ/സ്പോട്ട് ബില്ലർ (KSEB) 2. ഇലക്ട്രീഷ്യൻ ഗ്രേഡ് II (ഗവ: പ്രസ്സ്), 3. സബ് എഞ്ചിനീയർ (ഇലക്ട്രിക്കൽ) (KSEB) 4. ഡ്രാഫ്റ്റ്മാൻ ഗ്രേഡ് ഇൻ ഹാർബർ എഞ്ചിനീയറിംഗ്) 5. ടെക്നീഷ്യൻ (KMML, IRE) 6. ഗൾഫ് അറ്റസ്റ്റേഷനും സ്വയം തൊഴിൽ ചെയ്യുന്നതിനും

| കാലാവധി | യോഗ്യത | പ്രവേശനം |
|---|---|---|
| 2 Years | SSLC Pass | ആൺകുട്ടികൾക്ക് മാത്രം |



കേരളാ ഗവൺമെന്റ് ടെക്നിക്കൽ എഡ്യൂക്കേഷൻ നടത്തുന്ന ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് കോഴ്സിൽ ബേസിക് ഇലക്ട്രിസിറ്റി, ഇലക്ട്രിക് മെഷീൻസ്, എ. സി. മോട്ടോർ, ട്രാൻസ്ഫോർമർ, പവർ ആന്റ് എസ്റ്റിമേഷൻ, ഇലക്ട്രിക്കൽ സർക്യൂട്ട് ഡ്രായിംഗ്, ഇലക്ട്രിക്കൽ ഗാർഹിക ഉപകരണങ്ങളായ മിക്സി, ഗ്രൈന്റർ, ഫാൻ, വാഷിംഗ് മെഷീൻ എന്നിവയുടെ നിർമ്മാണം, സർവ്വീസിംഗ്, മോട്ടോർ വൈന്റിംഗ്, ആർമേച്ചർ വൈന്റിംഗ്, ഇൻഡസ്ട്രിയൽ വയറിംഗ്, പാനൽബോർഡ് വയറിംഗ്, ഹൗസ് വയറിംഗ്, പവർഹൗസ് വയറിംഗ്, ഗോഡൗൺ വയറിംഗ്, ഹോസ്പിറ്റൽ വയറിംഗ്, സ്റ്റെയർകെയ്സ് വയറിംഗ്, മീറ്റർബോർഡ് വയറിംഗ്, കേബിൾ വയറിംഗ്, ചേഞ്ച് ഓവർ, എ.സി. ജനറേറ്റർ തുടങ്ങിയ കെ. എസ്. ഇ. ബി. അംഗീകരിച്ച വയറിംഗ് രീതികളും വിദേശ വയറിംഗ് രീതികളും ഇലക്ട്രോണിക് ചോക്ക്, ഇൻവർട്ടർ, മ്യൂസിക്കൽ കാളിംഗ്ബെൽ, റെക്ടിഫയർ സർക്യൂട്ട്, ഇലക്ട്രോണിക് ഫാൻ, റെഗുലേറ്റർ എന്നിവ നിർമ്മിക്കുവാനും പരിശീലിപ്പിക്കുന്നു. കേരളാ ഗവൺമെന്റ് ടെക്നിക്കൽ എഡ്യുക്കേഷൻ നടത്തുന്ന ഇലക്ട്രിക്കൽ എഞ്ചിനീയറിംഗ് കോഴ്സ് പാസ്സാകുന്നവർക്ക് കെ. എസ്. ഇ. ബി. ലൈസൻസ് ടെസ്റ്റ് എഴുതി വയർമാൻ ലൈസൻസ് നേടാവുന്നതാണ്. തുടർന്ന് പി. എസ്. സി. ടെസ്റ്റ് എഴുതി ഇലക്ട്രിസിറ്റി ബോർഡിലും സ്വദേശത്തും വിദേശത്തുമുള്ള സ്വകാര്യ പൊതുമേഖലാ സ്ഥാപനങ്ങളിലും ജോലി നേടുന്നതിനോടൊപ്പം സ്വന്തമായി ബിൽഡിംഗ് വയറിംഗ് കോൺട്രാക്ടറായി ജോലി നേടാവുന്നതാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർചെയ്ത് ട്രെയിനിംഗിന് അർഹത നേടാം.

## 6 REFRIGERATION AND A/C ENGINEERING
## (Kerala Government Certificate Examination in Engineering

**PSC അംഗീകരിച്ച ഗവൺമെന്റ് സർട്ടിഫിക്കറ്റ്**

**തൊഴിൽ സാധ്യതകൾ**

1. എ. സി. സൂപ്പർവൈസർ & ടെക്നീഷ്യൻ (ഗവ: ഡിപ്പാർട്ട്മെന്റ്) 2. ടൈറ്റാനിയം 3. IRE 4. കെ. എസ്. ആർ. റ്റി. സി. 5. ഗവ: പ്രസ്സ്, 6. സെക്രട്ടേറിയറ്റ് 7. കളക്ട്രേറ്റ് 8. ഗൾഫ് അറ്റസ്റ്റേഷനും സ്വയം തൊഴിൽ ചെയ്യുന്നതിനും

| കാലാവധി | യോഗ്യത | പ്രവേശനം |
|---|---|---|
| 2 Years | SSLC Pass | ആൺകുട്ടികൾക്ക് മാത്രം |





കേരളാ ഗവൺമെന്റ് ടെക്നിക്കൽ എഡ്യുക്കേഷൻ നടത്തുന്ന റഫ്രിജറേഷൻ ആന്റ് എ.സി. എഞ്ചിനീയറിംഗ് കോഴ്സ് സ്വദേശത്തും വിദേശത്തും അനേകം തൊഴിലവസരങ്ങളുള്ള കോഴ്സാണ്. ശീതീകരണ യന്ത്രങ്ങളുടെ ഉപയോഗം അനുദിനം കൂടിക്കൊണ്ടിരിക്കുകയാണ്. അതിനനുസരിച്ച് സർവ്വീസ് ടെക്നീഷ്യന്മാരെ കമ്പനികൾക്ക് ആവശ്യമായി വരുന്നു. ഇതു നികത്തുവാൻ റെഫ്രിജറേറ്റർ, വിന്റോ, എ.സി. സ്പ്ലിറ്റ്, എ.സി. കാർ എ.സി, വാട്ടർകൂളർ, ഡീപ് ഫ്രീസർ, ചില്ലർ, സെൻട്രൽ എ.സി, ഐസ് പ്ലാന്റ് എന്നിവ നിർമ്മിക്കുവാനും റിപ്പയർ ചെയ്യുവാനും പരിശീലിപ്പിക്കുന്നതിനോടൊപ്പം ഓരോ വിദ്യാർത്ഥിക്കും സ്പ്രേ പെയിന്റിംഗ്, റെഫ്രിജറേറ്റർ വയറിംഗ്, എ.സി. വയറിംഗ്, ഗ്യാസ് ചാർജ്ജിംഗ്, ഗ്യാസ് റീസ്റ്റോറിംഗ്, കംപ്രസ്സർ വൈന്റിംഗ്, കംപ്രസ്സർ അസംബ്ലിംഗ് എന്നിവയിലും വിദഗ്ദ്ധ അദ്ധ്യാപകരുടെ സഹായത്തോടെ പരിശീലനം നൽകുന്നു. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർചെയ്ത് ട്രെയിനിംഗിന് അർഹത നേടാം.

## 7 ELECTRONICS & TELEVISION ENGINEERING
### (Kerala Government Certificate Examination in Engineering

PSC അംഗീകരിച്ച ഗവൺമെന്റ് സർട്ടിഫിക്കറ്റ്

**തൊഴിൽ സാധ്യതകൾ**

1, കെൽട്രോൺ 2. ഐ. എസ്. ആർ. ഒ. 3. ടൈറ്റാനിയം 4. ഐ. ആർ. ഇ.
5. കെ. എസ്. ഇ. ബി. 6. കെ. എസ്. ആർ. ടി. സി. 7. തെർമൽ പവ്വർ പ്ലാന്റ്സ്
8. ഗൾഫ് അറ്റസ്റ്റേഷനും സ്വയം തൊഴിൽ ചെയ്യുന്നതിനും

| കാലാവധി | യോഗ്യത | പ്രവേശനം |
|---|---|---|
| 2 Years | SSLC Pass | ആൺകുട്ടികൾക്ക് മാത്രം |



കേരളാ ഗവൺമെന്റ് ടെക്നിക്കൽ എഡ്യൂക്കേഷൻ നടത്തുന്ന ഇലക്ട്രോണിക്സ് ആന്റ് ടെലിവിഷൻ എഞ്ചിനീയറിംഗ് കോഴ്സിലേക്ക് പ്രവേശനം നേടാവുന്നതാണ്. ഇൻഡസ്ട്രിയൽ ഇലക്ട്രോണിക്സ് രംഗത്ത് തൊഴിലവസരങ്ങൾ കൂടുംതോറും അതിനനുസരിച്ച് കഴിവുള്ള സാങ്കേതിക വിദഗ്ദ്ധരെ സൃഷ്ടിക്കുവാൻ കഴിയുന്നില്ലായെന്നത് യാഥാർത്ഥ്യമാണ്. അത് മുൻനിർത്തി ഗവൺമെന്റ് സ്കൂളുകളിലും സ്വകാര്യ വിദ്യാഭ്യാസ സ്ഥാപനങ്ങളിലും ഗവൺമെന്റ് അംഗീകാരത്തോടെ നടത്തുന്ന ഇലക്ട്രോണിക്സ് & ടി. വി. എഞ്ചിനീയറിംഗ് തികച്ചും പ്രയോജനകരമാണ്. ആൽഫായിലെ വിദ്യാർത്ഥികൾക്ക് Converter, Inverter, Radio, Tape, Duck, Ampilfier, Stereo System, Recording System, Black & White T.V., Colour T.V, VCR, CDD, VCD, DVD, T.V. Antina, Dish Antina, Digital box, Musical Circuit, Hobby Circuit, Digital Clock, Remote Control എന്നിവ ആധുനിക യന്ത്രോപകരണങ്ങളുടെ സഹായത്തോടെ നിർമ്മിക്കുവാനും റിപ്പയർ ചെയ്യുവാനും പഠിപ്പിക്കുന്നു. സർക്യൂട്ട് ഡിസൈനിംഗിലും, പി.സി.ബി. ഡിസൈനിംഗിലും കംപ്യൂട്ടർ സഹായത്തോടെ പരിശീലനവും നേടാം.

ഈ കോഴ്സിനോടൊപ്പം കംപ്യൂട്ടർ ഹാർഡ് വെയർ, മൊബൈൽഫോൺ, Security CCTV തുടങ്ങിയവ പഠിപ്പിക്കുന്നു. Keltron, ISRO, IRE, Titanium, തുടങ്ങിയ സ്ഥാപനങ്ങളിൽ ജോലി നേടുന്നതിനോടൊപ്പം സ്വദേശത്തും വിദേശത്തുമുള്ള സ്വകാര്യപൊതുമേഖലാ സ്ഥാപനങ്ങളിൽ ജോലി നേടാവുന്നതാണ്. കൂടാതെ സ്വയം തൊഴിൽ കണ്ടെത്തുന്നതിനും സഹായകരമാണ്. എംപ്ലോയ്മെന്റ് എക്സ്ചേഞ്ചിൽ പേര് രജിസ്റ്റർചെയ്ത് ട്രെയിനിംഗിന് അർഹത നേടാം.

# ALPHA TECHNICAL EDUCATION PROMOTION SOCIETY (ATEPS) നടത്തുന്ന കോഴ്സുകൾ

സ്വയംതൊഴിൽ കണ്ടെത്തുന്നതിനും സ്വദേശത്തും വിദേശത്തുമുള്ള സ്വകാര്യമേഖലയിൽ ജോലി നേടുന്നതിനുപകരിക്കുന്ന ആൽഫാ ടെക്നിക്കൽ എഡ്യുക്കേഷൻ സൊസൈറ്റി നടത്തുന്ന സർട്ടിഫിക്കറ്റ് കോഴ്സുകൾ പ്രയോജനകരമാണ്. ഗവണ്മെന്റ് മേഖലയിൽ തൊഴിൽ നേടുവാൻ ഗവണ്മെന്റ് സർട്ടിഫിക്കറ്റ് തന്നെ വേണമെന്ന് നിർബന്ധമാണ്. എന്നാൽ ഗവണ്മെന്റ് കോഴ്സുകൾക്ക് കാലാവധി കൂടുതലാകയാലും പ്രൈവറ്റ് മേഖലയിൽ തൊഴിലവസരം വർദ്ധിച്ചതിനാലും ഹ്രസ്വകാല കോഴ്സുകൾ പഠിച്ച് പെട്ടെന്ന് തൊഴിൽ നേടുന്നവരുടെ എണ്ണം അനുദിനം വർദ്ധിക്കുന്നു. ഇത് മുൻനിർത്തി ആൽഫാ ഐ. റ്റി. ഐ.ൽ പ്രവർത്തി പരിചയത്തിന് പ്രാധാന്യം നൽകി നടത്തുന്ന കോഴ്സുകൾ ചുവടെ ചേർന്നു.

## 1 FASHION DESIGNING
### ATEPS Registered Society Certificate

സ്വയംതൊഴിൽ കണ്ടെത്തുന്നതിനും പ്രൈവറ്റ് മേഖലയിൽ ജോലി ചെയ്യുന്നതിനും

| കാലാവധി | യോഗ്യത | പ്രവേശനം |
|---|---|---|
| 1 Year | SSLC Pass/ Failed<br>+2 യോഗ്യതയുള്ളവർക്ക് മുൻഗണന | പെൺകുട്ടികൾക്ക് മാത്രം |
| പ്രവേശനഫീസ് | തവണകൾ | ആകെ |
| 1000/- | 1000 X 7 | 8000/- |



ആൽഫാ ടെക്നിക്കൽ എഡ്യുക്കേഷൻ പ്രമോഷൻ സൊസൈറ്റി പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്ന **Fashion Designing Course**, പെൺകുട്ടികൾക്ക് സ്വയംതൊഴിൽ കണ്ടെത്തി മാസവരുമാനം 20000/- രൂപയിലധികം നേടാം. കൂടാതെ സ്വകാര്യ ഇൻഡസ്ട്രികളിൽ സൂയിങ്ങ് ഹെൽപ്പർ, സൂയിങ്ങ് വർക്കർ, മെഷീൻ ഓപ്പറേറ്റർ, സൂപ്പർവൈസർ, ക്വാളിറ്റി ചെക്കർ തുടങ്ങിയ മേഖലകളിൽ മാസവരുമാനം 30000/- രൂപയിൽ അധികം നേടാമെന്നതാണ് ഈ കോഴ്സിന്റെ പ്രത്യേകത. **SSLC** ജയിച്ചവർക്കും തോറ്റവർക്കും ഈ കോഴ്സിൽ ചേർന്ന് പഠിക്കാവുന്നതാണ്. +2 കഴിഞ്ഞവർക്ക് മുൻഗണന. പ്രായപരിധി ഇല്ലാത്തതിനാൽ വീട്ടമ്മമാർക്കും പഠിക്കാവുന്ന തരത്തിൽ 10 മുതൽ 12 വരെയും 2 മുതൽ 4 വരെയും രണ്ട് ബാച്ചുകൾ നിലവിലുണ്ട്.



വസ്ത്രനിർമ്മാണത്തിലെ അതിനൂതനസാങ്കേതിക വിദ്യകൾ വിദഗ്ദ്ധ അധ്യാപികമാരുടെ സഹായത്താൽ പഠിക്കുവാൻ അവസരം. നിത്യോപയോഗവസ്ത്രങ്ങളുടെ ഡിസൈനിംഗും നിർമ്മാണവും പുതിയതരം മെഷീനുകളിൽ സ്റ്റിച്ച് ചെയ്ത് പഠിക്കുവാൻ കഴിയും. ഇൻഡസ്ട്രിവിസിറ്റ്, പഠിച്ചിറങ്ങുന്നവർക്ക് പ്ലേസ്മെന്റ് എന്നിവ ഉറപ്പുനൽകുന്നു. ഇന്നുതന്നെ ഓഫീസുമായി ബന്ധപ്പെടുക.

## 2 COMPUTERISED FASHION DESIGNING

### ATEPS Registered Society Certificate

**സ്വയംതൊഴിൽ കണ്ടെത്തുന്നതിനും പ്രൈവറ്റ് / ഗവൺമെന്റ് മേഖലയിൽ ജോലി ചെയ്യുന്നതിനും**

| കാലാവധി | യോഗ്യത | പ്രവേശനം |
|---|---|---|
| 1 Year | FDGT /പ്രൈവറ്റ് ഫാഷൻ ഡിസൈനിംഗ്/+2 Pass | പെൺകുട്ടികൾക്ക് മാത്രം |
| **പ്രവേശനഫീസ്** | **തവണകൾ** | **ആകെ** |
| 2000/- | 1000 X 10 | 12000/- |

ആൽഫാ ടെക്നിക്കൽ എഡ്യൂക്കേഷൻ പ്രമോഷൻ സൊസൈറ്റി പരീക്ഷ നടത്തി സർട്ടിഫിക്കറ്റ് നൽകുന്ന കോഴ്സാണ് കംപ്യൂട്ടറൈസ്ഡ് ഫാഷൻ ഡിസൈനിംഗ് കോഴ്സ്. പെൺകുട്ടികൾക്ക് സ്വയംതൊഴിൽ കണ്ടെത്തി **Rs.30000/-** രൂപയിലധികം നേടാം. കൂടാതെ സ്വകാര്യമേഖലകളിലും വിദേശത്തും ഗവൺമെന്റ് മേഖലകളിലും ജോലിനേടി **Rs.50000/-** രൂപയിലധികം നേടാം.



സ്വകാര്യമേഖലയിൽ പുതിയതരം ഡിസൈനുകൾ കമ്പ്യൂട്ടറിന്റെ സഹായത്താൽ ഡിസൈൻ ചെയ്ത് അവതരിപ്പിക്കുവാനും വിദേശത്തും, സ്വദേശത്തും ഗവൺമെന്റ് മേഖലകളിലുള്ള ഇൻഡസ്ട്രികളിൽ കമ്പ്യൂട്ടർ ഡിസൈനറായും ജോലിനേടുവാൻ വിദഗ്ദ്ധ കമ്പ്യൂട്ടറൈസ്ഡ് ഫാഷൻ അധ്യാപികമാരുടെ പരിശീലനത്തിലൂടെ സ്വായത്തമാക്കാം. **FDGT** കോഴ്സ് കഴിഞ്ഞവർക്കും പ്രൈവറ്റ് സർട്ടിഫിക്കറ്റ് ഉള്ളവർക്കും മുൻഗണന. +2 കഴിഞ്ഞവർക്കും അവസരമുണ്ട്. 10 മുതൽ 2 വരെയും 2 മുതൽ 4 വരെയും രണ്ട് ബാച്ചുകൾ നിലവിലുണ്ട്. പ്രായപരിധി ബാധകമല്ല. വീട്ടമ്മമാർക്കും ചേർന്ന് പഠിക്കുവാൻ അവസരം. കമ്പ്യൂട്ടർലാബ്, പുതിയതരം കമ്പ്യൂട്ടറൈസ്ഡ് സ്റ്റിച്ചിംഗ് മെഷീനുകളിൽ പരിശീലനം, ഇൻഡസ്ട്രിവിസിറ്റ് എന്നിവ ഈ കോഴ്സിന്റെ പ്രത്യേകതയാണ്. പഠിച്ചിറങ്ങുന്നവർക്ക് പ്ലേസ്മെന്റ് ഉറപ്പ് നൽകുന്നു. ഇന്നു തന്നെ ഓഫീസുമായി ബന്ധപ്പെടുക.



### ആൽഫാ ഐ. റ്റി. ഐ. യുടെ പ്രത്യേകതകൾ

- വ്യക്തിത്വ വികസനം
- സ്പോക്കൺ ഇംഗ്ലീഷ് ക്ലാസ്സുകൾ
- സെമിനാറുകൾ
- സ്റ്റുഡന്റ്സ് കൗൺസിലിംഗ്
- ഇൻഡസ്ട്രിയൽ വിസിറ്റിംഗ്
- സ്റ്റഡി ടൂർ
- കൃത്യനിഷ്ഠത മുൻനിർത്തിയുള്ള ക്ലാസ്സുകൾ
- ഹൗസ്കീപ്പിംഗ് ക്ലാസ്സുകൾ
- വീഡിയോ ക്ലാസ്സുകൾ
- ബോധവത്ക്കരണ ക്ലാസ്സുകൾ
- ഫീൽഡ് ട്രിപ്പുകൾ
- പ്ലേസ്മെന്റ് സെൽ

### പ്രവേശന സമയത്ത് സമർപ്പിക്കേണ്ട രേഖകൾ

1. SSLC ഒറിജിനൽ സർട്ടിഫിക്കറ്റ് 2. TC 3. SSLC അറ്റസ്റ്റഡ് കോപ്പി 2 എണ്ണം
4. പാസ്പോർട്ട് സൈസ് ഫോട്ടോ 5 എണ്ണം 5. പ്രവേശനഫീസ്



**COPA** (Computer Operator & Programming Assistant (1 Year NCVT)



**Fashion Desigining & Garment Technology** (2 Year KGTE)



**Civil Engineering** (2 year KGCE)



**Automobile Engineering** (2 year KGCE)



**Electrical Engineering** (2 year KGCE)



**Refrigeration & A/c Engineering** (2 year KGCE)



**Electronics & TV Engineering** (2 year KGCE)



**X-Ray & Tig/Mig Welding** (6 Months ATEPS)

*Thushara, Mynagappally 2847879*